# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 888　　03.12.2014-ൽ മറുപടിയ്ക്ക്**

**<u>കാസർഗോഡ് ബാവിക്കര പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ ഉദുമ:** | | **ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതിയുടെ നിർമ്മാണം നിർത്തിവെച്ചിട്ടുണ്ടോ ? | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ആയതിനുള്ള കാരണംവിശദമാക്കാമോ ? | (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ work site-ൽ വന്ന ചില വ്യതിയാനങ്ങൾക്കനുസരിച്ച് രൂപകൽപ്പനയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വരുകയും അതുകാരണം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരികയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്കുവേണ്ടി നാളിതുവരെയായി എന്തു തുക കരാറുകാർക്ക് നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | ഈ പദ്ധതിയ്ക്ക് പഴയ കരാറനുസരിച്ച് 1,50,43,656/- രൂപയും നിലവിലുള്ള കരാറനുസരിച്ച് 2,54,55,394/- രൂപയും അടക്കം ആകെ 4,04,99,050/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തു തുക വേണ്ടി വരുമെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ ? | (ഡി) | പുതുക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരുന്നതേയുള്ളൂ. ആയതിന് ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് എന്തു തുക വേണ്ടി വരുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**